


# *DIGITAL MAGAZINE*

# *VAVODE H S*

1 സന്ദേശം

2 എഡിറ്റോറിയൽ

3 കഥ

4 മഹത് വചനം

5 കവിതകൾ

6 പൊതുവിജ്ഞാനം

7 കൃതികളും കർത്താക്കളും

8 ജ്ഞാനപീഠം നേടിയ മലയാളികൾ

9 കൃഷിചൊല്ല്

10 മലയാളത്തിൽ ആദ്യം

11 ഉപജില്ലാക്യാമ്പ്

12 ചിത്രശാല

13 സ്കൂൾ മികവുകൾ

14 ഡിജിറ്റൽ പൂക്കളം



**സന്ദേശം**

**മീരാകുമാരി ആർ**

**ഹെഡ് മിസ്ട്രസ്**

**സ്കൂൾ**

**വിദ്യാഭ്യാസരീതിയിലെ ആധുനികവത്കരണത്തിന്റെ ഭാഗമായി, വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികൾക്ക് ഉയർന്ന പരിശീലനം നൽകുന്നതിന് ,ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ അധ്യായനവർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ്,വിദ്യാഭ്യാസമേഖലയിൽഉളവാക്കിയപുത്തനുണർവ പ്രത്യേകം പറയേണ്ടതില്ലല്ലോ .പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സഹായിച്ച എല്ലാ മാന്യവ്യക്തികൾക്കും, അധ്യാപകർക്കുംപ്രസ്തുത പദ്ധതിയുടെ ആവേശമുൾക്കൊണ്ട് അതിന്റെ ഊടും പാവും ആയി നിന്ന വിദ്യാർത്ഥികൾക്കും അവരുടെ കൂട്ടായ സംരംഭമായ ലിറ്റിൽ കൈറ്റ് ഇ-മാഗസിനായ "കളിച്ചെപ്പി"ന് ഞാൻ എല്ലാവിധ ശുഭാശംസകളും നേരുന്നു. അതോടൊപ്പം  വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനുള്ള കേരളസർക്കാരിന്റെ ഈ ധീരവും നൂതനവുമായ സംരംഭത്തിന് ഞാനെന്റെ അകൈതവമായ നന്ദിയും രേഖപ്പെടുത്തിക്കൊള്ളട്ടെ.**

# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളും ക്ലാസ്മുറികളും കുട്ടികളും ഹൈടെക് ആയി. വിവര സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം വളർത്തിയെടുക്കാൻ 'ലിറ്റിൽ കൈറ്റ്സ്'' ഐ.റ്റി കൂട്ടായ്മയുടെ സർഗ്ഗ സൃഷ്ടികളിലൂടെ രൂപപ്പെട്ട 'കളിച്ചെപ്പ്'' നൂതന സാങ്കേതിക ലോകത്തേയ്ക്ക് കടന്നു വരുന്നവർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

എഡിറ്റർ

ഓർമ്മയിലെ പ്രളയം

ഉണ്ണി...ഉണ്ണി...അമ്മയുടെ വിളി കേട്ടാണവൻ ഓടി എത്തിയത്.എന്താ അമ്മേ? അവൻ ചോദിച്ചു.മുറ്റത്തു കിടക്കുന്ന വിറക് എടുക്കാനാണ് അവൻ ഓടി എത്തിയത് .അമ്മയും മകനും മാത്രമായിരുന്നു കുടിലിൽ കഴിഞ്ഞിരുന്നത്. കാട്ടിൽ നിന്ന് വിറക് ശേഖരിച്ച് അതുകൊണ്ട് പോയി പട്ടണത്തിൽ വിറ്റായിരുന്നു അവർ കഴിഞ്ഞിരുന്നത്. അച്ഛനില്ലാതെ വളരെ ദു:ഖിക്കുന്നുണ്ടായിരുന്നു അവൻ. കഴിഞ്ഞ പ്രളയത്തിൽ ആയരുന്നു അച്ഛനെ നഷ്ടപ്പെട്ടത്. പാഞ്ഞെത്തിയ വെള്ളത്തി നെയും കാറ്റിനെയും വകവയ്ക്കാതെ ഒരു കുഞ്ഞിനെ രക്ഷിക്കാൻ പോയതായിരുന്നു അച്ഛൻ .അച്ഛനേയും ആ കുഞ്ഞിനെയും തിരികെ കിട്ടിയില്ല .കുന്നിൻ മുകളിലായിരുന്നു വീട് .മഴ തുടങ്ങി.
നല്ലൊരു കാറ്റ് വീശിയാൽ ആ കുടിൽ വീഴും മഴ കനത്തു തുടങ്ങി
വെളിച്ചമില്ലാത്ത ഒരു കുഞ്ഞുമുറിയിൽ റാന്തൽ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആ അമ്മയും മകനും ഇരുന്നു. താഴ്ന്ന പ്രദേശങ്ങളെയൊക്കെ പ്രളയം വിഴുങ്ങിയിരുന്നു . പ്രകൃതിയുടെ രൗദ്ര ഭാവം അവർ കണ്ടു . കനത്ത മഴയിൽ വിറച്ച്
ഇരിക്കുകയായിരുന്നു ആ അമ്മയും മകനും ഉയർന്ന പ്രദേശമായിരുന്നതിനാൽ ആ വീടിനു മാത്രം ഒന്നും സംഭവിച്ചില്ല .ഇനിയും ആ റാന്തൽ വിളക്ക് അണ ഞ്ഞിട്ടില്ല .എപ്പോഴായാലും അതു സംഭവിക്കാം . എന്നാൽ അപ്രതീക്ഷിതമായാണ് അത് സംഭവിച്ചത് .ആഞ്ഞൊരു കാറ്റ് വീശി ആ കുടിൽ

താഴേക്കു പതിച്ചു .എന്തോ ഭാഗ്യവശാൽഅമ്മയ്ക്കും മകനും ഒന്നും സംഭവിച്ചില്ല .
ആകെ ഉണ്ടായിരുന്ന ആവീടും നഷ്ടപ്പെട്ടു . പുറത്തേക്കിറങ്ങി നോക്കിയപ്പോൾ
കണ്ടത്അവരെ അമ്പരപ്പിച്ചിരുന്നു . വീടുകൾ മുഴുവൻ വെള്ളത്തിലായി,
തെങ്ങുകൾ പകുതിയും വെള്ളം നിറഞ്ഞു .അവർക്ക് ഒരു അപക
ടവും സംഭവിക്കാത്തതിൽ അവർ സന്തോഷിച്ചു .ദിവസങ്ങൾ
കഴിഞ്ഞു പിന്നെയുള്ള ജീവിതം ദുരിതാശ്വാസക്യാമ്പിലായിരുന്നു
.അവിടത്തെ കാഴ്ച്ച അവരെ ദുഖിപ്പിക്കുന്നതായിരുന്നു അമ്മമാരുടെ സങ്കടം
തങ്ങൾക്ക് കാണാമായിരുന്നു. മകനേയും
ഭർത്താവിനേയും കുടുംബത്തേയും നഷ്ടപ്പെട്ടതിൽ വേതന മുഖത്തുണ്ടായിരുന്നു
അപ്പോഴേക്ക് അവരുടെ മനസ്സിൽ ഓടിയെ
ത്തിയത് അവരുടെ അച്ഛനെയായിരുന്നു എങ്കിലും ഉണ്ണി അച്ഛനെ
യോർത്തു. സ്വന്തം പ്രാണൻ നോക്കാതെയാണ് ഒരു
പിഞ്ചു കുഞ്ഞിനെ രക്ഷിക്കാൻ പോയത്.ക്യാമ്പിൽ പോയപ്പോൾ
മത വ്യത്യാസമില്ലാതെയും , ജാതിവ്യത്യാസമില്ലാതെയും പാവ
മെന്നോ,പണക്കാരനെന്നോ വ്യത്യാസം ഇല്ലാതെയാണ് അവർ
അവിടെ കഴിഞ്ഞത് ആ പ്രളയം ഒത്തൊരുമയും സ്നേഹവും സൗഹൃദവും
എന്താണെന്നറിയാൻ അവന് കഴിഞ്ഞു

അബീനമോൾ എം ബി
8 B

## മഹത് വചനം

കർത്തവ്യബോധമുണ്ടാകുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

മഹാത്മാ ഗാന്ധി

ധനവും പദവിയും അധികാരവുമല്ല, മനുഷ്യനാവശ്യം ഹൃദയശുദ്ധിയാണ്.

സ്വാമി വിവേകാനന്ദൻ

വിദ്വേഷം കൊണ്ട്ഒരിക്കലും വിദ്വേഷം ഇല്ലാതാകുന്നില്ല,സ്നേഹം കൊണ്ടേ വിദ്വേഷം ഇല്ലാതാകുന്നുള്ളൂ.

ശ്രീബുദ്ധൻ

നമ്മൾ രസിച്ചു പഠിക്കുന്നത് ഒരിക്കലും മറക്കുന്നില്ല

ആൽഫ്രഡ് മേഴ്സിയർ

# മഴ തൻ സ്നേഹം

മഴതൻ മൗന സംഗീതം
അതിലായ് ഞാനലിഞ്ഞീടും
വരൂ എൻ പുണ്യ പൂവാടിയിൽ
അറിയുന്നു നീ എന്നെ തഴുകുമ്പോൾ

നിൻ ഈണം എൻ
സ്നേഹത്തിൻ തണലാകും
എൻ പൂവാടിയിൽ നീ വണ്ടായിവരുമ്പോൾ
ഞാനൊരു പൂവായി മാറുന്നു
നിൻ സ്നേഹമാകുന്ന കുളിരുകൾ
എൻ അമ്മയായി മാറുമെന്നോർമയിൽ

ദൃശ്യ എസ്
9B

# അമ്മ

അമ്മയെന്നോർക്കുമ്പോൾ
എന്റെ മനസ്സിലുയരും
ആയിരമായിരം ചിന്തകൾ

എന്റെ ചലനങ്ങളറിഞ്ഞ്
എന്നെ സ്നേഹിച്ചതാണി അമ്മ
തൻ സ്വപ്നങ്ങൾ ഉള്ളിലൊതുക്കി
എൻ സ്വപ്നങ്ങൾ പൂവണിയാനായി
എനിക്കായ് ജീവിതം സമർപ്പിച്ചതാണി അമ്മ

ആർദ്ര ആർ ലാൽ
9B

# മഞ്ഞത്തുമ്പി

മഞ്ഞ ത്തുമ്പി വാ വാവാ

മഞ്ഞിൻ മലരായ് നീ വാ

മഞ്ഞണി മാമലമേലെ വീശും

മഞ്ഞ കാറ്റായ് വാ വാ വാ

എന്തൊരു ചന്തം നിൻ ചന്തം

എന്തൊരു നൃത്തം നിൻ നൃത്തം

എന്തൊരു ഗാനം നിൻ ഗാനം

എന്തൊരു മൃദുലം നിൻ ചിറക്

# സുന്ദര കേരളം

കേരം തിങ്ങും  കേരളനാടേ

കേളി കൊട്ടുയരും കേരളനാടേ

ദൈവത്തിൻ സ്വന്തം നാടെന്ന് -

അഭിമാനിച്ച  കേരളത്തിൻ പൗരന്മാർ

വെറും  വ്യർത്ഥമാണി അഭിലാഷം

വ്യഥയോടെ ഓർത്തിടുന്നു

വരും  തലമുറയ്ക്കുകൈമാറാൻ

വിഷം കലർന്ന ഈ മണ്ണും ജലവും മാത്രം

# കുരുവിപ്പെണ്ണേ

തത്തിക്കളിച്ചും  വഴിയിൽക്കിടക്കുന്നതു
കൊത്തിക്കൊറിച്ചും,ചിറകിട്ടടിച്ചും
പാടത്തു കണ്ണും കരളും കവർന്ന്
കുരുവിപെണ്ണേ,വരൂ എൻ ചാരെ

പാടില്ലാത്തൊരു ചീത്ത ചിന്ത
വിളഞ്ഞിടാത്തൊരു നിൻ മനസ്സും
പൂമൊട്ടു തൊഴും നിൻ കുഞ്ഞു കൈകളും
കൊതിക്കുന്ന കൊച്ചു പൈതം

അടുത്തമാവിൻ ചെറുകൂടു കൂട്ടി
കുടുംബത്തോടെ പാർക്കുകയല്ലേ
കുട്ടിക്കുൻണ്ടോ ചെറു പാഠശാല
ഉരു ചെടിപ്പടർപ്പോ നിൻപ്രകൃതിയോ
ചൊല്ലുക  ചൊല്ലുക  കുരുവിപ്പെണ്ണേ

# Mother Is **Everything**

**My mother is my life**
**My mother is my world**
**My mother is my teacher**
**My mother is my friend**

**She teaches me to live here**
**She teaches me who to be here**
**She told me what is this world**
**She told me what I should be**

**Through her I can see my God**
**Through her I can reach goal**

**She is the truth**
**She is the right**
**My mother is my strength**

**Abhirami K S Std:8 B**

# എന്റെ നാട്

സുന്ദരമാണെന്റെ നാട്,

എന്റെ നാടാണ് കേരളം

കേരനിരകൾ കൊണ്ട്

സമൃദ്ധമായ നാട്

കലകളുടെ നാട് ,

ആഘോഷത്തിന്റെ നാട്

പുലിക്കളിയുടെ നാട്

ഓണത്തിന്റെ മാഹാത്മ്യം ,

വിളിച്ചു പറയുന്ന നാട്

മാവേലി വന്നെത്തും സുന്ദര നാട് .

സബിത 9 B

# മലയാളത്തിൽ ആദ്യം

**മലയാളം ലിപി ആദ്യമായി അച്ചടിച്ചത്**

**ഹോർത്തൂസ് മലബാറിക്കസ് [1678]**

**ആദ്യ മലയാള പുസ്തകം**

**സംക്ഷേപ വേദാർഥം [1772]**

**കേരളത്തിൽ ആച്ചടിച്ച ആദ്യ പുസ്തകം**

**ഡോക്ട്രിനോ [1578]**

**അദ്യ മലയാള പത്രം**

**രാജ്യസമാചാരം [1847]**

**ആദ്യ ലക്ഷണമൊത്ത പത്രം**

**ജ്ഞാനനിക്ഷേപം [1848**

**ആദ്യ സാഹിത്യ മാസിക**

**വിദ്യാവിലാസിനി [1881]**

**ആദ്യ വനിതാമാസിക**

**കേരളീ സുഗുണബോധിനി [1887]**

**ആദ്യ ശാസ്ത്ര മാസിക**

**ധന്വന്തരി [1903]**

**ആദ്യ ധനശാസ്ത്ര മാസിക ലക്ഷ്മീവിലാസം [1904]**

## കൃതികളും കർത്താക്കളും

ചെമ്മീൻ – തകഴി ശിവശങ്കരപ്പിള്ള

ഉമ്മാച്ചു – ഉറൂബ്

സമത്വവാദി – പുളിമാന

പ്രവാസി – കോവിലൻ

കീയോകീയോ – ശിവദാസ്

അക്ഷരം – ഒ.എൻ.വി കുറുപ്പ്

അമ്പലമണി – സുഗതകുമാരി

അധികാരം – വി.കെ.എൻ

ട്രഞ്ച് – ഏകലവ്യൻ

രാജസഭ – ഇബ്രാഹീം വെങ്ങര


ഭവഭയം – ടി.വി കൊച്ചുവാവ

## ജ്ഞാനപീഠമേറിയവർ

ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരമായാണ് ജ്ഞാനപീഠത്തെ കണക്കാക്കുന്നത് വ്യവസായ പ്രമുഖരായ സാഹു ജയിൻ കുടുംബത്തിലെ ശാന്തിപ്രസാദ് ജയിനും സഹധർമ്മിണി രമാജയിനും ചേർന്ന് സംസ്കൃതം,പാലി,പ്രാകൃതം തുടങ്ങിയ ഭാഷകളിലുള്ള അപ്രകാശിതമായ പ്രാചീന കൃതികള് പ്രസിദ്ധീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ 1944 ലാണ് ഭാരതീയ ജ്ഞാനപീഠം എന്ന സ്ഥാപനം തുടങ്ങിയത്.വിവിധ ഭാഷകളിലെ ഉപദേശകസമിതികൾ അവാർഡ് തിരഞ്ഞെടുപ്പ് ബോർഡ് മുമ്പാകെ  അവരുടെ നിർദ്ദേശം സമർപ്പിക്കുകയും അതിൽ നിന്നു തിരഞ്ഞെടുത്തയാൾക്ക് പുരസ്കാരം നൽകുകയും ചെയ്യും.ഇന്ത്യയിലെ അംഗീകൃത ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന സാഹിത്യ കൃതികളിൽ ഏറ്റവും മികച്ചതെന്നു നിർണയിക്കപ്പെടുന്ന കൃതിക്ക് 1965 മുതൽ ഭാരതീയ ജ്ഞാനപീഠ പുരസ്കാരം എന്ന പേരിൽ സമ്മാനം നൽകിത്തുടങ്ങി.ആദ്യപുരസ്കാരം 1965 ൽ ജി ശങ്കരക്കുറിപ്പിൻെറ ഓടക്കുഴൽ എന്ന കാവ്യ സമാഹാരത്തിനാണ് ലഭിച്ചത്.1965 ൽ 1,00,000 മായിരുന്ന സമ്മാനത്തുക ഇപ്പോൾ 11 ലക്ഷമാണ്. ഏറ്റവും മികച്ച കൃതിക്കായിരുന്നു ആദ്യകാലങ്ങളിൽ പുരസ്കാരം നൽകിയിരുന്നത്.1982 മുതൽ സമഗ്രസാഹിത്യസംഭാവനകളാണ് പുരസ്കാരത്തിനായി പരിഗണിക്കപ്പെടുന്നത്.മലയാളത്തിന് ആറുതവണ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# ജ്ഞാനപീഠം നേടിയ മലയാളികൾ

ജി.ശങ്കരകുറുപ്പ്



എസ് കെ പൊറ്റക്കാട്



എം ടി



തകഴി



ഒ എൻ വി



അക്കിത്തം



# കൃഷിച്ചൊല്ല്

1] വിത്തു ഗുണം പത്തു ഗുണം

2) മുളയിലറിയാം വിള

3)അത്തത്തിനു വിതച്ചാൽ പത്തായം പത്തു വേണം

4)വിത്തിനൊത്ത വിള

5)ഇല തൊട്ടാൽ കൊലയില്ല

6)കുമ്പളം കായണം

7)പത്തായം പട്ടിണി കിടക്കരുത്

8)കുംഭത്തിൽ നട്ടാൽ കുടത്തോളം
മീനത്തിൽ ആയാൽ മീൻ കണ്ണിനോളം

9)പൂയത്തിന് മഴ പെയ്താൽ പുല്ലും നെല്ല്

10)ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും

സാന്ദ്ര കെ എസ്
9B

# ഉപജില്ലാ ക്യാമ്പ്







# ചിത്രശാല





# പച്ചക്കറിത്തോട്ടം








# ഡിജിറ്റൽ പൂക്കളം





# പ്രതിഭകളോടൊപ്പം







ഹല





# ഹലോ ഇംഗ്ലീഷ്

# ലിറ്റിൽകൈറ്റ്സ്





# പാഠംഒന്ന്പാടത്തേക്ക്










# Thank You